<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438</u> <u>08-08-2023 - ൽ മറുപടിയ്ക്ക്</u>

<u>വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് വിമുക്തി മിഷൻ മുഖേന വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച്, ഈ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസുകളും ലഹരിക്കെതിരായ ചിന്ത വളർത്തുന്ന വിവിധ മത്സരങ്ങളും നടത്തി വരുന്നു. എസ്.പി.സി, എൻ.എസ്.എസ്, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് തുടങ്ങിയ സംഘടനകളുമായി സഹകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ അനഭിലക്ഷണീയ പ്രവണതകളിലേക്ക് പോകാതെ ക്രിയാത്മക പ്രവർത്തനങ്ങളിലേക്ക് തിരിച്ച് വിടുന്നതിന് “ഉണർവ്വ്” പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 2022-23 വർഷം 17 സ്കൂളുകളിൽ കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. 2023-24 വർഷത്തിൽ 13 സ്കൂളുകളിൽ കൂടി ഉണർവ്വ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്ന 500 സ്കൂളുകളിൽ 2022-23 വർഷം “ടീം വിമുക്തി” എന്ന പേരിൽ കായിക പരിശീലന ടീമുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി വരുന്നു. 2023-24 വർഷം 500 സ്കൂളുകളിൽ കൂടി കായിക പരിശീലന ടീമുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം അധ്യാപകരുടെ സഹായത്തോടെ തിരിച്ചറിഞ്ഞ് കൗൺസിലിംഗ് നൽകുന്നതിന് “നേർവഴി” എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷകർത്താക്കൾക്ക് അവബോധം നൽകുന്നതിനായി “കരുതൽ” എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | "കവചം" എന്ന പേരിലും രണ്ട് കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.<br><br>കോളേജുകളിലും ഹോസ്റ്റലുകളിലും രൂപീകരിച്ചിട്ടുള്ള "നേർക്കൂട്ടം", "ശ്രദ്ധ" കമ്മിറ്റികൾ മുഖേന വിദ്യാർത്ഥികൾക്ക് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള അവബോധവും, നിയമാ വബോധവും നൽകി വരുന്നു. ലഹരി ഉപയോഗം സംശയിക്കുന്ന വിദ്യാർത്ഥികൾക്ക് വിമുക്തി സെന്ററുകളിൽ കൗൺസിലിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ സംസ്ഥാനത്ത് വിദ്യർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. |
| (ബി) | കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഈ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് ഈ വർഷം ജൂൺ മാസം വരെ 32 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ചില വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മയക്കുമരുന്ന് ഇടപാടുകൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപവും, മയക്കുമരുന്ന് ഇടപാടുകൾ നടക്കുന്നതായി സംശയിക്കുന്ന സ്ഥലങ്ങളിലും, സ്കൂൾ പരിസരങ്ങളിലും, ഒഴിഞ്ഞുകിടക്കുന്ന പ്രദേശങ്ങളിലും, ഉപേക്ഷിച്ച വാഹനങ്ങളിലും, വ്യാപാര സ്ഥാപനങ്ങളിലും നിരന്തര പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ തലങ്ങളിൽ വിമുക്തിമിഷൻ മുഖേന ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് വിദ്യാർത്ഥികൾക്ക് ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം നടത്തിവരുന്നു. കൂടാതെ വനിതാ ജീവനക്കാരെ ഉൾപ്പെടെ മഫ്തിയിൽ നിയോഗിച്ച് ആകസ്മികമായും രഹസ്യമായും ഇത്തരം പ്രദേശങ്ങളിൽ നിരീക്ഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ